ദുരന്തബാധിതർക്കും രണ്ട് മാസത്തെ റേഷൻ സൗജന്യമായി നൽകാൻ നടപടി എടുത്തു. മൃതദേഹങ്ങൾ ബന്ധുക്കൾക്ക് സത്വരമായി നൽകുന്നതിന് വേണ്ട നിർദ്ദേശം നൽകി. റേഷൻ കാർഡുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ നഷ്ടപ്പെട്ട വർക്ക് ക്യാമ്പുകളിൽ വച്ചുതന്നെ നൽകാനുള്ള ഏർപ്പാടുണ്ടാക്കി. പുസ്തകം, നോട്ടുബുക്ക്, യൂണിഫോം എന്നിവ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് പുതിയ പുസ്തകം, നോട്ടുബുക്ക്, രണ്ട് സെറ്റ് യൂണിഫോം എന്നിവ ക്യാമ്പിൽ വച്ചുതന്നെ വിതരണം ചെയ്യാൻ നടപടി എടുത്തു. മരണപ്പെട്ടതിൽ മുതിർന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും, കുട്ടികളുടെ അവകാശികൾക്ക് 50,000 രൂപയും അംഗഭംഗം സംഭവിച്ചവർക്ക് 25,000 രൂപയും, പരിക്കുപറ്റിയവർക്ക് 5,000 രൂപയും ഡിസംബർ 26, 27 തീയതികളിൽ കൊല്ലം, ആലപ്പുഴ ജില്ലകളിലെ ക്യാമ്പുകളിൽ പ്രവേശിച്ച വർക്ക് ഒരു കുടുംബത്തിന് 1,000 രൂപ എന്ന നിരക്കിൽ ധനസഹായം വിതരണം ചെയ്തു. തീരദേശ മത്സ്യബന്ധന മേഖലകളിൽ നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ആറുമാസക്കാലത്തേക്ക് നീട്ടിവയ്ക്കാനും സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളെ സംബന്ധിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും ഹൗസിംഗ് ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും മൂന്നു മാസം ദീർഘിപ്പിക്കുവാൻ തീരുമാനിച്ചു. ദുരന്തബാധിത പ്രദേശങ്ങൾ വൃത്തിയാക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടു. ആവശ്യം വേണ്ടുന്ന കടൽഭിത്തി നിർമ്മാണത്തിനും, റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും, കുടിവെള്ള പദ്ധതിക്കും അനുവാദം നൽകി. മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയിലേക്ക് ഡിസംബർ മാസത്തെ തൊഴിലാളി വിഹിതം ദുരിതാശ്വാസ നിധിയിൽനിന്ന് നൽകാൻ തീരുമാനിച്ചു. മത്സ്യബന്ധനോപകരണങ്ങൾ നന്നാക്കാനും നൽകുന്നതിനും 13.85 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചു.

(സി) കേന്ദ്ര ഗവൺമെന്റിന് നൽകിയ നിവേദനത്തിൽ 1358.62 കോടി രൂപയുടെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് ലഭ്യമായത് 100 കോടി രൂപ.

(ഡി) ഇക്കാര്യത്തിൽ കേന്ദ്ര തീരുമാനം ലഭിച്ചിട്ടില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) മത്സ്യബന്ധന മേഖലയിൽ നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ആറുമാസത്തേക്ക് നീട്ടിവയ്ക്കാൻ മാത്രമേ തീരുമാനിച്ചിട്ടുള്ളൂ.

പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് മുന്നറിയിപ്പ്

91 [96] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസംബർ 26-ന് ഉണ്ടായ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ഗവൺമെന്റിനോ, ഗവൺമെന്റിന്റെ ഏതെങ്കിലും ഏജൻസികൾക്കോ ഏതെങ്കിലും തരത്തിലുള്ള മുന്നറിയിപ്പ് എവിടെ നിന്നെങ്കിലും ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ മുന്നറിയിപ്പ് കണക്കിലെടുത്ത് സർക്കാർ എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കടൽഭിത്തി നിർമ്മിക്കാൻ നടപടി

92 [97] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തെ തുടർന്ന് കരുതൽ നടപടി എന്ന നിലയിൽ കടൽഭിത്തി നിർമ്മിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ഏതെല്ലാം ഭാഗങ്ങളിലാണ് കടൽഭിത്തി നിർമ്മിക്കുന്നത്;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ പതിവായി കടലാക്രമണം ഉണ്ടാകുന്ന നീർക്കുന്നത്തും, തോട്ടപ്പള്ളിയിലും കടൽഭിത്തി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചേർത്തല താലൂക്കിൽ അന്ധകാരനഴി, ഒറ്റമശ്ശേരി, ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ജില്ലാ ആശുപത്രിക്ക് പടിഞ്ഞാറുവശം കാർത്തികപ്പള്ളി താലൂക്കിൽ തറയിൽക്കടവ് എന്നീ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

സുനാമി ദുരിതാശ്വാസ ഫണ്ട്

93 [98] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ നിധിയിൽ സ്വരൂപിച്ച തുകയുടെ ഒരു നിശ്ചിത ശതമാനം തീരപ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ മാറ്റി വയ്ക്കാൻ ഗവൺമെന്റ് തയ്യാറാകുമോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly